No.CEE/5500/2017/KEAM-2018/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


## വിജ്ഞാപനം

## CAPE–ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ സഹകരണ വകുപ്പിലെ ജീവനക്കാരുടെയും സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെയും മക്കൾക്കുള്ള പ്രത്യേക സംവരണം താത്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ബി.ടെക് (ഇൻഫർമേഷൻ ടെക്നോളജി), ബി.ടെക് (ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ) ഒഴികെയുള്ള കോഴ്സുകളിലെ 35% മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളിൽ സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയും രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ/ബാങ്കുകൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെയും ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും മക്കൾക്കായി നീക്കി വച്ചിട്ടുള്ള 10% സീറ്റുകളിലെ പ്രവേശനത്തിനായി നിശ്ചിത പ്രൊഫോർമയിലുള്ള സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള അപേക്ഷകരുടെ താത്കാലിക കാറ്റഗറി ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. സമർപ്പിച്ച സർട്ടിഫിക്കറ്റിൽ അപാകതയുള്ളവരുടെ കാറ്റഗറി തടഞ്ഞുവച്ചിട്ടുണ്ട്. ഇവർ അപാകത പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ **2018 ജൂൺ 27 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. ലിസ്റ്റ് സംബന്ധമായ പരാതിയുള്ളവരും തെളിവുകൾ സഹിതം **2018 ജൂൺ 27 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**: ഈ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത ക്വാട്ട ലഭ്യമായ കോളേജുകളിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ സമയത്ത് മാനേജ്മെന്റ് ക്വാട്ട ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തിരിക്കണം. മാനേജ്മെന്റ് ക്വാട്ട ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അവർ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പോലും ഈ ക്വാട്ടയിലെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം **29.06.2018 രാവിലെ 10 മണി** വരെ ലഭ്യമാകുന്നതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104

തിരുവനന്തപുരം
26.06.2018

Santhosh Kumar (signature)

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**